# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5403 25-10 - 2011ൽ മറുപടിക്ക്

### സർവ്വകലാശാല സിൻഡിക്കേറ്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.കെ. ബാലൻ<br>,, ജി. സുധാകരൻ<br>,, വി. ശിവൻകുട്ടി<br>,, എ.എം. ആരിഫ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം, കാലാവധി പൂർത്തിയാകാത്ത സർവ്വകലാശാല സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ടിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഏതെല്ലാം സർവ്വകലാശാല സിൻഡിക്കേറ്റുകളെയാണ് പിരിച്ചുവിട്ടിട്ടുള്ളത് ; | (ബി) | കാലാവധി തീർന്നതിനെതുടർന്ന് കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിനെ പിരിച്ച് വിട്ടിട്ടുണ്ട്. |
| (സി) | സർവ്വകലാശാല സിൻഡിക്കേറ്റുകൾ പിരിച്ചുവിടുന്നതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ ; | (സി) | കാലാവധി പൂർത്തിയാകാത്ത സിൻഡിക്കേറ്റുകൾ പിരിച്ചുവിടുന്നത് സർക്കാരിൻെറ നയമല്ല |
| (ഡി) | സിൻഡിക്കേറ്റുകൾ പിരിച്ചുവിടപ്പെട്ട സർവ്വകലാശാലകളിൽ ഭരണപരമായ പ്രതിസന്ധി നിലനിന്നിരുന്നതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിലത് വിശദമാക്കാമോ ? | (ഡി) | കോഴിക്കോട് സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ കാലാവധി 29-8-2011 ന് അവസാനിക്കുകയുണ്ടായി. കോഴിക്കോട് സർവ്വകലാശാല ആക്റ്റ് പ്രകാരം സിൻഡിക്കേറ്റിന്റെ കാലാവധി തീരുന്നതോടൊപ്പം സെനറ്റിന്റെ കാലാവധിയും അവസാനിക്കും. ഈ സാഹചര്യത്തിൽ ഉണ്ടാകുന്ന |

ഭരണ പ്രതിസന്ധി
ഒഴിവാക്കുന്നതിനുവേണ്ടിയാണ്
കാലാവധി പൂർത്തിയായ
സിൻഡിക്കേറ്റിനെ പിരിച്ചുവിട്ട്
സെനറ്റിന്റേയും
സിൻഡിക്കേറ്റിന്റേയും ചുമതല
നിർവ്വഹിക്കുന്നതിനായി നാമ
നിർദ്ദേശം ചെയ്യപ്പെട്ട
ഒരുബോഡി രൂപീകരിച്ചത്.

സെക്ഷൻ ഓഫീസർ